# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ:- ശ്രീ.എസ്. ഹരികിഷോർ, ഐഎഎസ്)

വിഷയം: സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - ദേശീയ തെരുവ് കച്ചവട നിയമം - പദ്ധതി നടത്തിപ്പ് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. 23.12.2017-ലെ മൂവാറ്റുപുഴ നഗരസഭ സെക്രട്ടറിയുടെ നമ്പറില്ലാത്ത കത്ത്.
2. 26.03.2018-ലെ ചാവക്കാട് നഗരസഭ സെക്രട്ടറിയുടെ ജി7.(എച്ച്2)10248/16-ാം നമ്പർ കത്ത്.
3. 27.03.2018-ലെ പരപ്പനങ്ങാടി നഗരസഭ സെക്രട്ടറിയുടെ എ7/2435/16-ാം നമ്പർ കത്ത്.
4. തലശ്ശേരി നഗരസഭ സെക്രട്ടറിയുടെ എച്ച്5.16867/16-ാം നമ്പർ കത്ത്.
5. നീലേശ്വരം നഗരസഭാ സെക്രട്ടറിയുടെ 26/03/18 ലെ കത്ത്

***ഉത്തരവ് നമ്പർ 5486/എഫ്/2015/കെഎസ്എച്ച്ഒ തീയതി 26..05..2018***

ദേശീയ തെരുവ് കച്ചവട നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭകളിൽ നടന്നുവരുന്ന വിവിധ ഘട്ടങ്ങളിലെ നടപടികൾക്ക് ആവശ്യമായ തുക അനുവദിക്കുന്നതിന് പരാമർശ പ്രകാരമുള്ള നഗരസഭ സെക്രട്ടറിമാർ അപേക്ഷിച്ചിരിക്കുന്നു. ടി അപേക്ഷകൾ പരിശോധിച്ചതിൽ ആവശ്യപ്പെട്ടിരിക്കുന്ന തുക അനുവദനീയമാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം മൂവാറ്റുപുഴ നഗരസഭ സർവെയിൽ കണ്ടെത്തിയ 113 തെരുവ് കച്ചവടക്കാർക്ക്/തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനുള്ള 11,300/- രൂപയും, ചാവക്കാട് നഗരസഭ കണ്ടെത്തിയ 95 പേർക്ക് തിരിച്ചറിയൽ കാർഡ് വിതരണത്തിനും പൊതുപരിപാടി സംഘടിപ്പിക്കുന്നതിനുമായി (9500+7500) ആകെ 17000/- രൂപയും പരപ്പനങ്ങാടി നഗരസഭ രണ്ടാംഘട്ടമായി കണ്ടെത്തിയ 89 തെരുവ് കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണത്തിന് ചെലവായ 12015/- രൂപയും തലശ്ശേരി നഗരസഭ രണ്ടാംഘട്ട സർവ്വേയിലൂടെ കണ്ടെത്തിയ 100 തെരുവ് കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണത്തിനുള്ള 13500/- രൂപയും നീലേശ്വരം നഗരസഭ കണ്ടെത്തിയ 86 തെരുവ് കച്ചവടക്കാർക്കാരിൽ തിരിച്ചറിയൽ കാർഡ് ലഭ്യമായ 50 പേർക്ക് പരിശീലനം നൽകുന്നതിനായി 38250/- രൂപയുമായി ആകെ 92,065/- (തൊണ്ണൂറ്റി രണ്ടായിരത്തി അറുപത്തി അഞ്ച് രൂപ മാത്രം) അതത് നഗരസഭകൾക്ക് അനുവദിച്ച് ഉത്തരവാകുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | നഗരസഭ | ലക്ഷ്യം | തുക |
|---|---|---|---|
| 1. | മൂവാറ്റുപുഴ | 113 തെരുവ് കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിന് | 11300 |
| 2. | ചാവക്കാട് | 95 പേർക്ക് തിരിച്ചറിയൽ കാർഡ് വിതരണത്തിനും പൊതുപരിപാടി സംഘടിപ്പിക്കുന്നതിനും | 17000 |
| 3. | പരപ്പനങ്ങാടി | 89 തെരുവ് കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തത് | 12015 |
| 4. | തലശ്ശേരി | 100 തെരുവ് കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണം | 13500 |
| 5. | നീലേശ്വരം | 50 തെരുവ് കച്ചവടക്കാർക്കുള്ള പരിശീലനം | 38250 |
| | | | 92065 |

ആകെ തുകയിൽ 53815/- രൂപ എൻ.യു.എൽ.എം ഫണ്ടിലെ Support to Urban Street vendors എന്ന ശീർഷകത്തിൽ Support to Urban Street vendors survey & issue of ID cards എന്ന ഉപ ശീർഷകത്തിലും 38250/- രൂപ Skill Development Trainig (2.1) എന്ന ഉപ ശീർഷകത്തിലും വകയിരുത്തേണ്ടതാണ്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം യഥാസമയം സംസ്ഥാന മിഷന് സമർപ്പിക്കേണ്ടതാണ്. തെരുവ് കച്ചവടക്കാർക്ക് നൈപുണ്യ വികസന പരിശീലനം നൽകുന്നതിനുള്ള നടപടികൾ മറ്റ് നഗരസഭകൾ കൈക്കൊള്ളേണ്ടതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

**അക്കൗണ്ട്സ് സെക്ഷൻ (തുക അനുവദിക്കുന്നതിലേയ്ക്കായി)**

പകർപ്പ്
കരുതൽ/അധികം

ഉത്തരവിൻപ്രകാരം,

അക്കൗണ്ട്സ് ഓഫീസർ